**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** **04-10-2021 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി സേവനപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സേവനം വീട്ടുപടിക്കൽ എത്തിക്കുന്ന വാതിൽപ്പടി സേവനപദ്ധതി സംസ്ഥാന വ്യാപകമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഏതൊക്കെ സേവനങ്ങളാണ് ഇതുവഴി ഇപ്പോൾ ലഭ്യമാക്കുന്നത്; വിശദമാക്കാമോ? | (എ) | ഉണ്ട്. വിവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിട്ടുന്ന വാതിൽപ്പടി സേവനം പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടാണ് പൈലറ്റ് അടിസ്ഥാനത്തിൽ 50തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (38 ഗ്രാമ പഞ്ചായത്തുകളിലും 12നഗരസഭകളിലും) ആരംഭിച്ചിട്ടുള്ളത്. സാമൂഹിക സന്നദ്ധസേന, ആശാവർക്കർമാർ, അക്ഷയ കേന്ദ്രങ്ങൾ, കുടുബശ്രീ പ്രവർത്തകർ തുടങ്ങിയവയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനെ നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകളുടെ വിതരണം എന്നീ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ